**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.624 — 02.04.2018-ലെ മറുപടിയ്ക്ക്

## കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം**<br>**ഡോ.എം. കെ. മുനീർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ വളർന്നുവരുന്ന കായിക താരങ്ങൾക്ക് അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ സഹായകരമല്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ), (ബി) & (സി) | അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്നതിന് കേരളീയ കായിക താരങ്ങളെ സജ്ജരാക്കുന്നതിനായി അത്ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന വിദഗ്ധ പരിശീലനം നൽകുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>നിലവിൽ തൃപ്രയാർ (വോളിബോൾ), മുണ്ടയാട് (ബാസ്കറ്റ്ബോൾ) എൽ.എൻ.സി.പി.ഇ (അത് ലറ്റിക്സ്), എറണാകുളം (ഫെൻസിംഗ്) എന്നീ കേന്ദ്രങ്ങളിലായാണ് പരിശീലനം നടന്നു വരുന്നത്. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ മികച്ച രീതിയിലുള്ള കായിക ഉപകരണങ്ങൾ, വിദഗ്ധ പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, വിദേശ പരിശീലകരുടെ പരിശീലനവും മറ്റ് |
| (ബി) | അന്തർദേശീയ തലത്തിൽ മത്സരിക്കുന്നതിന് കായിക താരങ്ങളെ പ്രാപ്തരാക്കുന്നതിനായി പട്യാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ കേരളത്തിലും സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. മേൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുന്ന നിരവധി കേരള കായിക താരങ്ങൾ മികച്ച അന്താരാഷ്ട്ര പ്രകടനങ്ങൾ കാഴ്ച വയ്ക്കുന്നുണ്ട്. പട്യാലയിൽ നടക്കുന്നതു പോലെ, അന്തർ ദേശീയ മത്സരങ്ങൾക്കുള്ള ദേശീയ അത്‌ലറ്റിക് ടീമിന്റെ പരിശീലന കേന്ദ്രമായി കാര്യവട്ടം എൽ.എൻ.സി.പി.ഇ-യിൽ പ്രവർത്തിക്കുന്ന എലൈറ്റ് ട്രെയിനിംഗ് സെന്റർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം നിലവിൽ കേരളത്തിലുള്ള കായിക സൗകര്യങ്ങളുടെ ഉന്നത നിലവാരം സൂചിപ്പിക്കുന്നു. 2020, 2024 ഒളിമ്പിക്സിൽ മെഡൽ നേട്ടം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയായ 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട 11 സാധ്യത ഇനങ്ങളിലായി 250 ഓളം താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. കോട്ടയത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് സ്ഥാപിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**